**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3631** **27-06-2024 - ൽ മറുപടിയ്ക്ക്**

**നാലു വർഷ ഡിഗ്രി കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കോളേജുകളിൽ നാലു വർഷ ഡിഗ്രി കോഴ്സുകൾ ആരംഭിച്ച സാഹചര്യത്തിൽ ഗവൺമെന്റ്, എയ്ഡഡ് കോളേജുകളിൽ അടിസ്ഥാന സൗകര്യ ശാക്തീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉയർന്ന നിലവാരത്തിലുള്ള പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സർക്കാർ കോളേജുകൾ, ട്രെയിനിങ് കോളേജുകൾ, ഹോസ്റ്റൽ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനവും കോളേജുകളിൽ അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ലബോറട്ടറി, ലൈബ്രറി എന്നിവയും നിർമ്മിച്ചു നൽകിയിട്ടുണ്ട്.<br><br>സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ക്ലാസ്സുകൾ ക്രമീകരിക്കുന്നതിനായി എല്ലാ ക്ളാസ്സുകളും സ്മാർട്ട് ക്ലാസ് റൂം ആക്കുന്നതിനുള്ള പദ്ധതി, ലൈബ്രറി ഡിജിറ്റലൈസേഷൻ, ഓൺലൈൻ ക്ലാസ്സുകൾ ക്രമീകരിക്കുന്നതിനുള്ള പദ്ധതി, ഗ്രീൻ ക്യാമ്പസ് തുടങ്ങിയ ക്രമീകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അക്കാദമിക മികവിനും റിസേർച്ചിനും പ്രോത്സാഹനം നൽകുന്നതിനായി PLEASE, വിദ്യാർത്ഥികളുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജീവനി, പഠനത്തോടൊപ്പം തൊഴിൽ (Earn While You Learn), എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>കഴിഞ്ഞ സാമ്പത്തിക വർഷം 68 കോടി രൂപയുടെ നിർമ്മാണ പ്രവർത്തികൾ നടത്തുകയുണ്ടായി. നടപ്പ് സാമ്പത്തിക വർഷവും അടിസ്ഥാന നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി സർക്കാർ നൽകുന്നതാണ്.<br><br>നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലവും ക്രഡിറ്റുകളും നിർവ്വചിച്ചിരിക്കുന്നത് ദേശീയ-അന്തർ ദേശീയ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ്. വിദേശ സർവ്വകലാശാലകൾ പൊതുവേ പിന്തുടരുന്ന നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്ക് അനുയോജ്യമായിട്ടുള്ള കരിക്കുലം ചട്ടക്കൂടാണ് സംസ്ഥാനത്തെ സർവ്വകലാ ശാലകളിലും/ കോളേജുകളിലും ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| | | | **ഫൗണ്ടേഷൻ (Foundation Courses),മേജർ (Major)/മൈനർ(Minor), ക്യാപ്സ്റ്റോൺ കോഴ്സുകൾ (Capstone Course) എന്നിങ്ങനെ മൂന്ന് വിഭാഗത്തിലുള്ള കോഴ്സുകൾ അടങ്ങിയതാണ് നാലുവർഷ ബിരുദ പ്രോഗ്രാം. ഓരോ പ്രോഗ്രാമിലൂടെയും കോഴ്സുകളിലൂടെയും വിദ്യാർത്ഥികൾ ആർജിക്കേണ്ട ജ്ഞാനം, നൈപുണി,അഭിരുചി (Knowledge,Skill,Aptitude) എന്നിവ ഉറപ്പുവരുത്തുക എന്നതിനാണ് പ്രാധാന്യം വിദ്യാർത്ഥികളുടെ പശ്ചാത്തലവും അഭിരുചിയും കണക്കിലെടുത്ത് ആവശ്യമായ പഠന രീതികൾ അവലംബിക്കാൻ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സ്വാതന്ത്ര്യം ഉറപ്പ് വരുത്തുന്നു.** |
| (ബി) | മേൽ സാഹചര്യത്തിൽ അക്കാദമിക് നിലവാരം ഉയർത്തുന്നതിന് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വ്യക്തമാക്കാമോ; | (ബി) | മറുപടി (എ) പിരിവിൽ നൽകിയിട്ടുണ്ട് |
| (സി) | നൂതന കോഴ്സുകൾ അനുവദിക്കുന്നതിനുള്ള സാധ്യതകൾ വിശദമാക്കുമോ? | (സി) | **കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് കാലഘട്ടത്തിന് യോജിച്ച പുതിയ കോഴ്സുകൾ നാലുവർഷ ബിരുദ കോഴ്സുകളുടെ ഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ